## 36

# “നിങ്ങൾ വിശ്വസിക്കുന്നുവോ?”

***വായനാ ഭാഗം #14***

V. രണ്ടാമത്തെ പെസഹ മുതൽ മൂന്നാമത്തേതു വരെ (തുടർച്ച).

S. യായീറൊസിന്റെ മകളെ ഉയർപ്പിക്കൽ (രോഗിയെ സൗഖ്യമാക്കലും) (മത്താ. 9:18–26; മർക്കൊ. 5:22–43; ലൂക്കൊ. 8:41–56).

T. കുരുടനെയും ഭൂതബാധിതനെയും സൗഖ്യമാക്കി (വിമർശിക്കപ്പെടുകയും ചെയ്തു) (മത്താ. 9:27–34).

U. നസറേത്ത് സന്ദർശിക്കുന്നു (ത്യജിക്കപ്പെടുകയും ചെയ്തു) (മത്താ. 13:54–58; മർക്കൊ. 6:1–6; ലൂക്കൊ. 4:16–31).

യേശു ഗലീലാ കടലിന്റെ പടിഞ്ഞാറേ തീരത്തേക്കു മടങ്ങി വന്നപ്പോൾ, പുരുഷാരം അവനെ കാത്തിരുന്നു (മർക്കൊസ് 5:21; ലൂക്കൊസ് 8:40). ആ സമയത്ത്, മരിച്ച ഒരു പെൺകുട്ടിയെ ഉയർപ്പിച്ചതടക്കം, അവൻ ശ്രദ്ധേയമായ പല അത്ഭുതങ്ങളും ചെയ്യുകയുണ്ടായി. അതിനുശേഷം അധികം താമസിയാതെ, തന്റെ സ്വന്ത പട്ടണമായ നസറേത്തിൽ തുടങ്ങി, ഗലീലയിലേക്ക് മൂന്നാം സന്ദർശനം നടത്തി.

ഈ പാഠത്തിലെ മുഖ്യ വാക്ക് “വിശ്വാസം,” അല്ലെങ്കിൽ “ആശ്രയം”[1] എന്നതാണ്. ക്രിസ്തു ഒരു സ്ത്രീയെ സൗഖ്യമാക്കിയപ്പോൾ, അവൻ പറഞ്ഞു, “... നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചു” (മത്തായി 9:22). അവൻ ഒരു പള്ളിപ്രമാണിയോടു പറഞ്ഞു, “ഭയപ്പെടേണ്ടാ ..., വിശ്വസിക്ക മാത്രം ചെയ്ക” (മർക്കൊസ് 5:36). താൻ അവരെ സൗഖ്യമാക്കേണ്ടതിനു അവർക്കു വിശ്വാസമുണ്ടോ എന്ന് കുരുടരായിരുന്ന രണ്ടുപേരോട് അവൻ ചോദിച്ചു. അവർ മറുപടിയായി, “ഉവ്വു, കർ ത്താവേ,” എന്നു പറഞ്ഞതിന് അവൻ പറഞ്ഞു, “നിങ്ങളുടെ വിശ്വാസം പോലെ നിങ്ങൾക്കു ഭവിക്കട്ടെ” (മത്തായി 9:28, 29). നസറേത്തിൽ അവൻ ത്യജിക്കപ്പെട്ടപ്പോൾ, “അവരുടെ അവിശ്വാസം ഹേതുവായി അവൻ ആശ്ചര്യപ്പെട്ടു” (മർക്കൊസ് 6:6).

അത്ഭുത ശക്തിയുണ്ടെന്ന് അവകാശപ്പെടുന്ന ചിലർ ഈ വാക്യങ്ങൾ എടുത്തുകൊണ്ട് യേശുവിനുപോലും ആളുകൾ ആദ്യം വിശ്വസിച്ചില്ലെങ്കിൽ സൗഖ്യപ്പെടുത്തുവാൻ കഴിയുമായിരുന്നില്ല എന്നു പറയും. പിന്നെ അവർ സൗഖ്യപ്പെടുത്തുവാൻ കഴിയാതിരിക്കുന്നതിന് “അവർക്കു മതിയായ വിശ്വാസമില്ലായിരുന്നു” എന്ന ഒഴികഴിവു പറയുന്നു. ആ വാക്യങ്ങളിൽ വിശ്വാസത്തിന് ഊന്നൽ കൊടുത്തിട്ടുണ്ട് എന്നുള്ളതു വാസ്തവമാണ്, എന്നാൽ യേശുവിന്റെ അത്ഭുതം ചെയ്യുവാനുള്ള കഴിവ് അവൻ സഹായിച്ച ആളുകളുടെ വിശ്വാസത്തെ ആസ്പദമാക്കി ആയിരുന്നു എന്നുള്ളത് വാസ്തവമല്ല. നമ്മുടെ ഇതുവരെയുമുള്ള പഠനത്തിൽ, വിശ്വാസം ഇല്ലാതിരുന്നപ്പോൾ അല്ലെങ്കിൽ അതസാധ്യമായപ്പോൾ[2] പോലും നടന്ന പല സംഭവങ്ങൾ നാം കണ്ടുകഴിഞ്ഞു. ഈ പാഠത്തിൽ, മരിച്ച ഒരു പെൺകുട്ടിയെ ഉയിർപ്പിച്ചു,

അവൾക്ക് തീർച്ചയായും അവളുടെ ഉയിർപ്പിനുമുൻപ് വിശ്വാസം ഇല്ലായിരുന്നു.

പിന്നെ, എന്തുകൊണ്ടാണ്, ഈ സംഭവങ്ങളിൽ വിശ്വാസം ഊന്നി പറഞ്ഞിരിക്കുന്നത്? തന്റെ ശുശ്രൂഷയിൽ യേശു നിർണ്ണായകമായ ഒരു ഘട്ടത്തിൽ എത്തിയിരിക്കുന്നു. അതിനുമുൻപ് അവൻ പല അത്ഭുതങ്ങളും ചെയ്തിട്ടുണ്ട്, അവയുടെ ഒരു ഉദ്ദേശം വിശ്വാസം ജനിപ്പിക്കുക എന്നതായിരുന്നു (യോഹന്നാൻ 20:30, 31). താൻ മാസങ്ങൾക്കകം, ഈ ലോകം വിട്ട് പോകുമെന്ന്, അവന് അറിയാമായിരുന്നു. അവൻ അങ്ങനെ ചെയ്യുമ്പോൾ, പിന്നിൽ അസംഖ്യം ശക്തമായ വിശ്വാസികളെ വിട്ടുപോകേണ്ടതായിട്ടുണ്ട്. അതുകൊണ്ട്, കൂടുതൽ കൂടുതലായി, വിശ്വസിക്കുവാൻ അവൻ ആളുകളെ ആഹ്വാനം ചെയ്തു.

ഈ പാഠത്തിന്റെ ഓരോ ഭാഗത്തിലും, വിശ്വാസവും അവിശ്വാസവും തമ്മിലുള്ള അന്തരം എടുത്തുകാണിക്കുന്നുണ്ട്. നിങ്ങളും ഞാനും വിശ്വസിക്കുന്നുണ്ടോ ഇല്ലയോ എന്നതാണ് പ്രധാനപ്പെട്ട ചോദ്യം.

## "യായീറൊസേ, നീ വിശ്വസിക്കുന്നുവോ?"
## (മത്താ. 9:18-26; മർക്കൊ 5:22-43; ലൂക്കൊ. 8:41-56)

### വിശ്വാസം പ്രകടമാക്കി (മത്താ. 9:18, 19; മർക്കൊ. 5:22-24; ലൂക്കൊ. 8:41, 42)

യായീറൊസ് എന്നുപേരുള്ള ഒരു മനുഷ്യൻ യേശുവിന്റെ അടുക്കൽ വന്നു. എൻഎഎസ്ബി ഈ മനുഷ്യനെ വിളിക്കുന്നത് "പള്ളിപ്രമാണികളിൽ ഒരുത്തൻ"[3] എന്നാണ് (മർക്കൊസ് 5:22; ലൂക്കൊസ് 8:41 നോക്കുക). കെജെവി ആ മനുഷ്യനെ പറയുന്നത് "പള്ളിപ്രമാണിമാരിൽ ഒരാൾ" എന്നാണ്. "മൂപ്പന്മാരുടെ" സംഘത്തിന്റെ ഭാഗമാണ് പള്ളിയുടെ "തലവൻ" അല്ലെങ്കിൽ "പ്രമാണി" (ലൂക്കൊസ് 7:3 നോക്കുക), അവർ പള്ളിയുടെ ചുമതലയുള്ളവരായിരുന്നു.[4] പള്ളിയുടെ ആരാധനയുടെ എല്ലാ ചുമതലയും "പ്രമാണി" ക്ക് ആയിരുന്നു, അതിൽ ക്രമപ്പെടുത്തലും (ലൂക്കൊസ് 13:14 നോക്കുക) സംസാരിക്കുന്നതിനു അല്ലെങ്കിൽ വായിക്കുന്നതിനു ആളുകളെ ക്ഷണിക്കുന്നതും ഉൾപ്പെട്ടിരുന്നു (പ്രവൃത്തികൾ 13:15 നോക്കുക).[5] ഒരു യെഹൂദ പട്ടണത്തിൽ വളരെ ആദരിക്കപ്പെട്ട വ്യക്തി ആയിരുന്നു പള്ളിപ്രമാണി.

യായീറൊസ് ക്രിസ്തുവിനെ സമീപിച്ചപ്പോൾ, അവൻ "അവന്റെ കാൽക്കൽ വീണു," "അവന്റെ മുൻപിൽ നമസ്ക്കരിച്ചു," തന്റെ പന്ത്രണ്ടു–വയസ്സു–പ്രായമുള്ള മകൾ "അത്യാസന്ന നിലയിൽ" ഇരിക്കുന്നു, അതുകൊണ്ട് നീ വന്ന് അവളുടെ മേൽ കൈ വെക്കേണമേ എന്നു വളരെ അപേക്ഷിച്ചു (മർക്കൊസ് 5:22; മത്തായി 9:18; മർക്കൊസ് 5:23).[6] കഫർന്നഹൂമിലെ[7] രാജ്യഭൃത്യന്റെ മകനെ യേശു സുഖപ്പെടുത്തിയത് ഒരുപക്ഷെ ആ ഉദ്യോഗസ്ഥൻ കേട്ടിരിക്കാം (യോഹന്നാൻ 4:46–53) ആ പട്ടണത്തിൽ വെച്ച് അവൻ ഒരു ശതാധിപന്റെ ഭൃത്യനെയും സൗഖ്യമാക്കിയതു അറിഞ്ഞിരിക്കാം (ലൂക്കൊസ് 7:1–10). പദവി മാറ്റിവെച്ച്, അവൻ കർത്താവിന്റെ കാൽക്കൽ വന്നുവീണു, തന്റെ "ഏക മകളെ" സഹായിക്കുവാൻ അപേക്ഷിച്ചു (ലൂക്കൊസ് 8:42). ജെ. ഡബ്ളിയു. മെക്ഗാർവെ നിരീക്ഷിച്ചതുപോലെ, "അവന്റെ

അഹങ്കാരത്തെക്കാൾ വലുതായിരുന്നു അവന്റെ ആവശ്യം."[8] നിങ്ങൾക്ക് മക്കളുണ്ടോ? ഉണ്ടെങ്കിൽ, നിങ്ങൾക്ക് യായീറൊസിന്റെ ഉള്ളിലെ വേദന മനസ്സിലാക്കുവാൻ കഴിയും.

യേശു മടിച്ചില്ല. ആ പ്രമാണിയെ പിൻപറ്റി, അവൻ അവന്റെ വീട്ടിലേക്ക് മടങ്ങി. അവരുടെ നടപ്പ് മന്ദമായിരുന്നു; ലിവിങ് ബൈബിൾ പറയുന്നത് അവർക്കു "പുരുഷാരത്തിനിടയിലൂടെ" തള്ളിക്കൊണ്ടുപോകേണ്ടിവന്നു എന്നാണ് (ലൂക്കൊസ് 8:42; മർക്കൊസ് 5:24, 31 കൂടി നോക്കുക).

**വിശ്വാസം പരീക്ഷിക്കപ്പെട്ടു (മത്താ. 9:20-22; മർക്കൊ. 5:25-36; ലൂക്കൊ. 8:43-50)**

യായീറൊസിന്റെ വീട്ടിലേക്കുള്ള വഴിയിൽവെച്ച്, ഒരു അസാധാരണ സംഭവം നടന്നു. അതിനെ "ഇടയ്ക്കുചേർത്ത അത്ഭുതം" എന്ന് വിളിച്ചിരിക്കുന്നു, കാരണം അതു മറ്റൊരു അത്ഭുത സംഭവത്തിന്റെ വിവരണത്തിനുള്ളിൽ തിരുകിചേർത്ത ഒരു അത്ഭുത സംഭവമായതുകൊണ്ടാണ്.

യേശു പുരുഷാരത്തിനിടയിലൂടെ നീങ്ങിയപ്പോൾ, ഒരു ക്ഷീണിതയായ സ്ത്രീ തിരക്കിനിടയിലൂടെ പ്രയാസപ്പെട്ട് ക്രിസ്തുവിന്റെ അടുക്കലേക്ക് ഉറപ്പോടെ അടുത്തുകൊണ്ടിരുന്നു. ഡോ. ലൂക്ക് അവളെ കുറിച്ചു പറയുന്നത് "ആരാലും സൗഖ്യം വരുത്തുവാൻ കഴിയാത്തവളും, പന്ത്രണ്ടു സംവത്സരമായി രക്തസ്രവമുള്ളവളും" എന്നാണ് (ലൂക്കൊസ് 8:43). മോശെയുടെ ന്യായപ്രമാണപ്രകാരം, അവൾ തികച്ചും "അശുദ്ധ" ആയ സ്ത്രീ ആയിരുന്നു (ലേവ്യാപുസ്തകം 15:19, 26 നോക്കുക).[9]

ലൂക്കൊസിന്റെ സഹ പരിശീലകന്മാരുടേതുപോലെ ആയിരുന്നില്ല മർക്കൊസിന്റെ വിവരണം: അവൻ പറഞ്ഞതു "പല വൈദ്യന്മാരാലും ഏറിയോന്നു സഹിച്ചു, തനിക്കുള്ളതൊക്കെയും ചെലവഴിച്ചിട്ടും ഒട്ടും ഭേദം വരാതെ, ഏറ്റവും പരവശയായി തീർന്നിരുന്ന ഒരു സ്ത്രീ" (മർക്കൊസ് 5:26) എന്നാണ്. അക്കാലത്ത്, മിക്ക ഡോക്ടർമാരും "ഒരു അടപ്പുനിറയെ" ലളിതമായ ശരീരശാസ്ത്രത്തെ[10] "ഒരു കപ്പുനിറച്ച്" ആയുർവേദ മരുന്നുമായും ഒരു "പാത്രം നിറച്ച്" അന്ധവിശ്വാസ ആചാരങ്ങളുമായും യോജിപ്പിച്ചാണ് ഉപയോഗിച്ചിരുന്നത്.

ഒരുപക്ഷെ നിങ്ങൾക്ക് വർഷങ്ങളോളം രോഗം ബാധിച്ചുകിടക്കുന്ന ആരെയെങ്കിലും അറിയാമെങ്കിൽ ആ സ്ത്രീയുടെ കഷ്ടത മനസ്സിലാകും. അവൾ മിക്കവാറും വിളറി, ശോഷിച്ച്, അസഹ്യവേദന അനുഭവിച്ചുകൊണ്ടിരുന്നേക്കാം. എങ്ങനെയായാലും, കർത്താവു ആ വഴിക്ക് വരുന്നുണ്ട് എന്ന് അവൾ കേട്ടപ്പോൾ, അവൾ ശക്തി സംഭരിച്ചു. അവൾ തിങ്ങി നിറഞ്ഞ പുരുഷാരത്തിനിടയിലൂടെ അടുത്തു ചെന്നു അവനെ തൊടാവുന്ന ദൂരത്തിൽ, അവന്റെ തൊട്ടുപിന്നിൽ എത്തി.

അവൾ സ്വയം വിചാരിച്ചു, "അവന്റെ വസ്ത്രം മാത്രം ഒന്നു തൊട്ടാൽ, എനിക്കു സൗഖ്യം വരും" (മത്തായി 9:21; മർക്കൊസ് 5:28 നോക്കുക). ഒരു അത്ഭുത–ശക്തി ഉള്ള ഒരാളുടെ സ്പർശനത്തിലുള്ള വസ്തുക്കൾക്ക് ശക്തി ഉണ്ടെന്നാണ് പൊതുവിൽ വിശ്വസിക്കപ്പെട്ടിരുന്നത് (നോക്കുക മത്തായി 14:36; പ്രവൃത്തികൾ 19:11, 12). ഒരു പക്ഷെ യേശുവിനെ ശല്യപ്പെടുത്തുന്നത് ധിക്കാരമാണെന്നു വിചാരിച്ച് അവന്റെ വസ്ത്രം തൊടുവാൻ മാത്രം ആ സ്ത്രീ തീരുമാനിച്ചിരിക്കാം. അവളുടെ കാരണം എന്തായാലും, ആ സ്ത്രീക്ക്

ക്രിസ്തുവിന്റെ ശക്തിയിൽ വിശ്വാസമുണ്ടായിരുന്നു.

അവൾ അവന്റെ അടുക്കലെത്തി "അവന്റെ വസ്ത്രത്തിന്റെ തൊങ്ങൽ തൊട്ടു" (മത്തായി 9:20).[11] അവൾ അതു ചെയ്തപ്പോൾ, "ക്ഷണത്തിൽ അവളുടെ രക്തസ്രവം നിന്നു; ബാധ മാറി താൻ സ്വസ്ഥയായി എന്ന് അവൾ ശരീരത്തിൽ അറിഞ്ഞു" (മർക്കൊസ് 5:29). എന്റെ സ്ഥലത്ത്, രോഗം വരുമ്പോൾ "അസുഖമുള്ളതായി തോന്നുന്നു" എന്നു പറയും, രോഗം മാറുമ്പോൾ "നന്നായി തോന്നുന്നു" എന്നും പറയും. "അസുഖമുള്ളതായി തോന്നിയ" ആ സ്ത്രീക്ക് ഉടനെ "നന്നായി തോന്നി"! അവളുടെ ശരീരം നേരെയാകുന്നതും, അവളുടെ കവിളിന്റെ നിറം പഴയതുപോലെ ആകുന്നതും, അവളുടെ മുഖത്ത് പുഞ്ചിരി വിരിയുന്നതും എനിക്കു ഊഹിക്കാം.

തന്നിൽനിന്ന് ശക്തി പുറപ്പെട്ടുവെന്ന് യേശു ഉടനെ തിരിച്ചറിഞ്ഞു (മർക്കൊസ് 5:30; ലൂക്കൊസ് 8:46). ഇവിടെ ഇനിയും തുടരുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല, കാരണം പരിമിത മനുഷ്യൻ എന്നനിലയിൽ, എനിക്ക് ദൈവശക്തി മനസ്സിലാക്കുവാൻ കഴിയുകയില്ല – എന്നാൽ വിശദാംശം എന്നെ ആകർഷിക്കുന്നതാണ്. വാക്കുകൾ കൂടുതൽ ഞാൻ വായിക്കുന്നുണ്ടാകാം, എന്നാൽ അവ എന്നോടു പറയുന്നതു അത്ഭുതങ്ങൾ ചെയ്യുന്നതിന് ക്രിസ്തുവിന് വില നൽകേണ്ടിയിരുന്നു എന്നാണ്. അവൻ നടത്തിയ ഓരോ അത്ഭുതവും അവനെ ഏതെങ്കിലും വിധത്തിൽ[12] ക്ഷീണിപ്പിച്ചിരിക്കാം, എങ്കിലും അവൻ ഒരിക്കലും വില ഗണ്യമാക്കിയില്ല; അവൻ മറ്റുള്ളവരെ കണ്ടെത്തുവാൻ ഒരിക്കലും മടിച്ചില്ല.

ശക്തി തന്നിൽനിന്ന് പുറപ്പെട്ടുവെന്ന് യേശുവിന് തോന്നിയപ്പോൾ, അവൻ നിന്നുചോദിച്ചു, "എന്റെ വസ്ത്രം തൊട്ടതു ആർ?" (മർക്കൊസ് 5:30). ഇത് അവന്റെ ശിഷ്യന്മാരെ ആശ്ചര്യപ്പെടുത്തി. അവർ പ്രതികരിച്ചു, "പുരുഷാരം നിന്നെ തിക്കുന്നതു കണ്ടിട്ടും, 'എന്നെ തൊട്ടതു ആർ,' എന്നു ചോദിക്കുന്നുവോ?" (മർക്കൊസ് 5:31). അതു നമ്മെയും അല്പം ആശ്ചര്യപ്പെടുത്തുന്നു. ആ സ്ത്രീ ആരായിരുന്നുവെന്ന് ക്രിസ്തുവിന് ഒരുപിടിയും ഇല്ലായിരുന്നുവെന്നാണോ അതിനർത്ഥം? മത്തായിയുടെയും മർക്കൊസിന്റെയും വിവരണങ്ങൾ അന്തർലീനമാക്കുന്നത് അവൾ ആരാണെന്നും, എന്തുചെയ്തുവെന്നും, എന്തു കൊണ്ടുചെയ്തുവെന്നും യേശുവിന് അറിയാമായിരുന്നു എന്നാണ്. അവ സൂചിപ്പിക്കുന്നത്, യാതൊരു മടിയും കൂടാതെ, യേശു തിരിഞ്ഞ് ആ സ്ത്രീ ആരാണെന്ന് നോക്കി (മത്തായി 9:22; മർക്കൊസ് 5:32) എന്നാണ്.

ക്രിസ്തുവിന്റെ ചോദ്യങ്ങളുടെ ഉദ്ദേശം പലപ്പോഴും അവന് വിവരം ലഭിക്കേണ്ടതിനായിരുന്നില്ല മറിച്ച് മറ്റുള്ളവരിൽ[13] സത്യം ഊന്നേണ്ടതിനായിരുന്നു. ഈ അവസരത്തിലും അതായിരിക്കാം സംഭവിച്ചത്. ഒരുപക്ഷെ ആ സ്ത്രീയുടെ വിശ്വാസത്തെ കുറിച്ചും – എങ്ങനെ അവളുടെ വിശ്വാസം അവളുടെ ജീവിതത്തിൽ അനുഗ്രഹമായി തീർന്നുവെന്നതിനെ കുറിച്ചും ചുറ്റും നിന്നവർ അറിയേണമെന്ന് അവൻ ആഗ്രഹിച്ചു കാണും. ഒരുപക്ഷെ എന്താണു സംഭവിച്ചതെന്നും എന്തുകൊണ്ടാണ് അതു സംഭവിച്ചതെന്നും ആ സ്ത്രീ വ്യക്തമായി അറിയുവാൻ അവൻ ആഗ്രഹിച്ചുകാണും. ലൂക്കൊസ് എഴുതി,

> താൻ മറഞ്ഞിരിക്കുന്നില്ല എന്നു സ്ത്രീ കണ്ടു, വിറെച്ചുകൊണ്ടു[14] വന്നു അവന്റെ മുമ്പിൽ വീണു, അവനെ തൊട്ട സംഗതിയും തൽക്ഷണം

> സൗഖ്യമായതും, സകല ജനവും കേൾക്കെ അറിയിച്ചു. അവൻ അവളോട്, "മകളേ, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു; സമാധാനത്തോടെ പോക" എന്നു പറഞ്ഞു (ലൂക്കൊസ് 8:47, 48).

"സമാധാനത്തോടെ പോക" എന്ന ആശിർവാദം അവൾക്ക് സ്ഥിരമായിട്ടായിരുന്നു സൗഖ്യം ലഭിച്ചത് എന്നും, അവളുടെ വ്യാധി പിന്നെ മടങ്ങിവരുകയില്ല എന്നും സൂചിപ്പിക്കുന്നു.

ആ സ്ത്രീ വിട്ടുപോകുന്നതിനെ മനസ്സിൽ വയ്ക്കുകയും – പിന്നെ നിങ്ങളുടെ മനസ്സ് യായീറൊസിലേക്കു തിരിക്കുകയും ചെയ്യുക. അവൻ യേശുവിനെ തിരക്കുപിടിച്ച് തന്റെ വീട്ടിലേക്കു കൊണ്ടുപോകുവാൻ ശ്രമിക്കുകയായിരുന്നു, അവിടെ അവന്റെ മകൾ മരണത്തോട് മല്ലിട്ടുകിടക്കുകയായിരുന്നു. അവൻ പുരുഷാരത്തെ തിക്കി നീക്കിയപ്പോൾ, അവൻ ശാന്തമായി ഈ പ്രാർത്ഥന വീണ്ടും വീണ്ടും നടത്തിക്കാണും: "കർത്താവേ, അധികം വൈകാതിരിക്കുവാൻ ഞങ്ങളെ സഹായിക്കേണമേ. ദൈവമേ, അവൾ മരിക്കുന്നതിനുമുൻപ് അവിടെ എത്തുവാൻ ഞങ്ങളെ സഹായിക്കേണമേ!" ഇപ്പോൾ, ആ ദുർബ്ബലയായ സ്ത്രീയെ ക്രിസ്തു സൗഖ്യമാക്കുമ്പോൾ അവന് നിർബന്ധമായും കാത്തുനിൽക്കേണ്ടി വന്നു. യായീറൊസിന്റെ സ്ഥാനത്ത് ഞാനായിരുന്നുവെങ്കിൽ, ഞാൻ ഒരുപക്ഷെ ഇങ്ങനെ പറയുമായിരുന്നു, "യേശുവേ, അവളെ പിന്നീടു നോക്കാം! അവൾ പന്ത്രണ്ടു വർഷം ആയി രോഗിയായിരിക്കുന്നു. മറ്റൊരു ദിവസമോ അല്ലെങ്കിൽ രണ്ടുദിവസം കഴിഞ്ഞായാലും കുഴപ്പമൊന്നുമില്ലല്ലോ. എന്റെ മകൾക്കാണ് നിന്നെ *ഇപ്പോൾ* ഏറ്റവും ആവശ്യം!"

ആ പ്രമാണി വൈകിപ്പോയതിൽ നിരുത്സാഹപ്പെട്ടുവെങ്കിൽ, ആ നിരുത്സാഹം നിരാശയായി മാറി, കാരണം അവന്റെ അടുക്കൽ ഒരാൾ വന്നു ഇങ്ങനെ പറഞ്ഞു: "നിന്റെ മകൾ മരിച്ചുപോയി; ഗുരുവിനെ പ്രയാസപ്പെടുത്തേണ്ടാ" (ലൂക്കൊസ് 8:49). ആ പിതാവിന്റെ ഉള്ള് അപ്പോൾ മരിച്ച അവസ്ഥയിൽ ആയിരിക്കും. നിങ്ങളിൽ ചിലർക്ക് ഞാൻ പറഞ്ഞതിന്റെ അർത്ഥം മനസ്സിലായി കാണും.

യായീറൊസിന്റെ നൈരാശ്യം ക്രിസ്തുവിന് അറിയാമായിരുന്നു. അവൻ സൗമ്യതയോടെ അവനോടു പറഞ്ഞു, "ഭയപ്പെടേണ്ടാ; വിശ്വസിക്ക മാത്രം ചെയ്ക, എന്നാൽ അവൾ രക്ഷപ്പെടും"[15] (ലൂക്കൊസ് 8:50; മർക്കൊസ് 5:36 നോക്കുക). എന്തൊരു വിശ്വാസ പരീക്ഷണം!

### വിശ്വാസത്തിന് പ്രതിഫലം ലഭിച്ചു (മത്താ. 9:23-26; മർക്കൊ. 5:37-43; ലൂക്കൊ. 8:51-56)

യേശു യായീറൊസിനോടുകൂടെ അവന്റെ വീട്ടിലേക്ക് യാത്ര തുടർന്നു. അവർ അവിടെ എത്തിയപ്പോൾ, ആ മകൾ മരിച്ചിട്ട് കുറച്ചു സമയമേ ആയുള്ളൂവെങ്കിലും, ശവസംസ്കാരത്തിനുള്ള ഏർപ്പാടുകൾ നടക്കുകയായിരുന്നു. അവിടെ അക്കാലത്ത്, അടക്കം നടന്നിരുന്നതു സാധാരണ മരണദിവസം തന്നെയായിരുന്നു. ഒരു കുടുംബത്തിന്റെ സാമൂഹ്യസ്ഥിതി നിശ്ചയിച്ചിരുന്നത് വിലപിക്കുന്ന ജോലിക്കാരുടെ എണ്ണത്തിലും വിലപിക്കുന്നവർ ഉണ്ടാക്കുന്ന[16] ശബ്ദത്തിന്റെ അടിസ്ഥാനത്തിലുമായിരുന്നു. അതുകൊണ്ട്, ആ പ്രമാണിയുടെ വീട്ടിൽ പ്രവേശിച്ചപ്പോൾ, ക്രിസ്തു "ആരവാരക്കൂട്ട

ത്തെയും," "വളരെ കരഞ്ഞു വിലപിക്കുന്നവരെയും കണ്ടു" (മർക്കൊസ് 5:38; മത്തായി 9:23). അവിടെ "കുഴൽ–ഊതുന്നവരുടെ" കരച്ചിലും "വളരെ കരഞ്ഞു വിലപിക്കുന്നവരുടെ" നിലവിളിയും കേട്ടു (മത്തായി 9:23; മർക്കൊസ് 5:38).

ആ ദിവസത്തെ യേശുവിന്റെ വിഷമം പിടിച്ച പ്രവൃത്തി ആയിരുന്നു ആ ആരവാരം ശമിപ്പിച്ച് അവനു പറയുവാനുള്ളത് കേൾക്കുവാൻ അവസരമൊരുക്കുക എന്നത്. അവരുടെ ശ്രദ്ധ അവനു ലഭിച്ചപ്പോൾ, അവൻ അവരോടു "കരയേണ്ടാ" "മാറി പോകുവിൻ" എന്നു പറഞ്ഞു. അവൻ പറഞ്ഞു, "അവൾ മരിച്ചിട്ടില്ല, ഉറങ്ങുന്നത്രേ"[18] (ലൂക്കൊസ് 8:52; മത്തായി 9:24; മർക്കൊസ് 5:39). അവൻ അതു പറഞ്ഞപ്പോൾ, ആ വീടുനിറയെ ഉണ്ടായിരുന്ന വിലപിക്കുന്നവർ അവനെ പരിഹസിച്ച് ചിരിച്ചു (മത്തായി 9:24; മർക്കൊസ് 5:40).[18] ലൂക്കൊസ് പറഞ്ഞു, "അവരോ അവൾ മരിച്ചുപോയി എന്നു അറികകൊണ്ട്, അവനെ പരിഹസിച്ചു" (8:53). ഒന്നിലധികം വിലപിക്കുന്നവർ ഇങ്ങനെ പറയുന്നതായി എനിക്കൂഹിക്കാം, "അതെന്തൊരു വിഡ്ഢിത്തം! ഞാനീ വർഷം തന്നെ അൻപതോളം ശവസംസ്കാരത്തിൽ പങ്കെടുത്തിട്ടുണ്ട്, അതുകൊണ്ട് മരിച്ച ഒരാളെ കാണുമ്പോൾ എനി*ക്കറിയാം*!"

പരിഹാസികളെയും അവിശ്വാസികളെയും വാതിൽക്കലേക്കു മാറ്റി (മർക്കൊസ് 5:40), ക്രിസ്തു യായീറൊസിനെയും അവന്റെ ഭാര്യയെയും, അവന്റെ മൂന്നു ശിഷ്യന്മാരായ – പത്രൊസ്, യോഹന്നാൻ, യാക്കോബു എന്നിവരോടൊപ്പം (മർക്കൊസ് 5:37) – കുട്ടിയുടെ ശരീരം കിടത്തിയിരുന്ന മുറിയിലേക്ക് കൊണ്ടുപോയി. പത്രൊസിനെയും, യാക്കോബിനെയും, യോഹന്നാനെയും അപ്പൊസ്തലന്മാരിൽ "അന്തർവലയം" എന്നാണ് അറിയപ്പെട്ടിരുന്നത്. യേശു അവരെ ഓരോരുത്തരെ പ്രത്യേകമായി എടുത്തുപറയുന്ന[19] മൂന്നു സന്ദർഭങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നതിലെ ആദ്യത്തേതാണിത്.

ഈ നാടകീയ രംഗം നിങ്ങളുടെ മനസ്സിൽ കാണുക: ക്രിസ്തു ആ പെൺകുട്ടിയുടെ ജീവനില്ലാത്ത ശരീരത്തിനടുത്തേക്കു നടന്നു അവളുടെ കൈക്കുപിടിച്ചു, മരിച്ചതുകൊണ്ട് കൈകൾ മരവിച്ചിരുന്നു. അവൻ മൃദുവായി പറഞ്ഞു, "തലീഥാ കൂമി!" – ആ അരാമ്യവാക്കുകളുടെ അർത്ഥം, "ബാലേ, എഴുന്നേല്ക്ക എന്നു, നിന്നോടു കല്പി ക്കുന്നു!" (മർക്കൊസ് 5:41). ആ വാക്കുകൾ സാധാരണ പ്രഭാതത്തിൽ ഒരു കുട്ടിയെ വിളിച്ചെഴുന്നേൽപിക്കുന്നതിന്, ഉപയോഗിക്കുന്ന വാക്കുകൾ പോലെ ലളിതമായിരുന്നു.[20]

ഉടനെ, കുട്ടിയുടെ "ആത്മാവു മടങ്ങിവന്നു" (ലൂക്കൊസ് 8:55).[21] അവളുടെ കണ്ണുകൾ പെട്ടെന്ന് തുറക്കുന്നത് നിങ്ങൾക്ക് ഊഹിക്കുവാൻ കഴിയുന്നുണ്ടോ? അവളുടെ മാതാപിതാക്കളിൽ നിന്ന് ഉയർന്ന നിശ്വാസങ്ങൾ നിങ്ങൾ കേൾക്കുന്നുണ്ടോ? മർക്കൊസ് 5:42 പറയുന്നു അവൾ "ഉടനെ എഴുന്നേറ്റു നടന്നു."[22] അവൾ തന്റെ അപ്പന്റെയും അമ്മയുടേയും അടുത്തേക്ക് ഓടിച്ചെന്ന് അവരുടെ കൈകളിൽ പിടിക്കുന്നത് നിങ്ങൾക്കു കാണുവാൻ കഴിയുന്നുണ്ടോ? ആവേശത്തോടെ നിൽക്കുന്ന അവളുടെ അമ്മയോട് മകൾക്കുവേണ്ടി എന്തെങ്കിലും ഉണ്ടാക്കിക്കൊടുക്ക എന്ന് ചിരിച്ചുകൊണ്ട് യേശു പറയുന്നത് നിങ്ങൾക്ക് കാണുവാൻ കഴിയുന്നുണ്ടോ (മർക്കൊസ് 5:43; ലൂക്കൊസ് 8:55)?[23]

വളർന്നുവന്ന പരീശന്മാരുടെ ശത്രുത കാരണം, ഇതു രഹസ്യമായി വയ്ക്കുവാൻ യേശു ആഗ്രഹിച്ചു. അവൻ യായീറൊസിനോടും അവന്റെ

ഭാര്യയോടും "ഇതു ആരും അറിയരുതു എന്നു അവൻ ഏറിയോന്നു കല്പിച്ചു" (മർക്കൊസ് 5:43; ലൂക്കൊസ് 8:56 നോക്കുക) – എന്നാൽ, സാധാരണ പോലെ, അധികം താമസിക്കാതെ "ഈ വർത്തമാനം ആ ദേശത്തു ഒക്കെയും പരന്നു" (മത്തായി 9:26).

എങ്ങനെയായാലും, ഞാൻ നിങ്ങൾക്കു വിട്ടുതരുവാൻ ആഗ്രഹിക്കുന്ന രംഗം, അവളുടെ അപ്പൻ പുഞ്ചിരിയോടെ അവളെ നോക്കിക്കൊണ്ടിരിക്കുമ്പോൾ അമ്മ സന്തോഷാധിക്യത്താൽ അവളെ ആഹാരം കഴിപ്പിക്കുന്നതാണ്. ആ മനുഷ്യനോടു നിങ്ങൾ, "യായീറൊസേ, നിങ്ങൾ വിശ്വസിക്കുന്നുവോ?" എന്നു ചോദിക്കുകയാണെങ്കിൽ ലഭിക്കുന്ന ഉത്തരം അത്യുച്ചത്തിൽ "ഉവ്വ്!" എന്നായിരിക്കും.

## "കുരുടന്മാരേ, നിങ്ങൾ വിശ്വസിക്കുന്നുവോ?" (മത്താ. 9:27-34)

### ഭൗതിക കുരുടന്റെ വിശ്വാസം (വാ. 27-31)

മത്തായി പറയുന്നതനുസരിച്ച്, യേശു യായീറൊസിന്റെ വീടുവിട്ട് പോയപ്പോൾ, രണ്ടു കുരുടന്മാരായ പുരുഷന്മാർ അവനെ പിൻതുടർന്നു, നിലവിളിച്ചു, "ദാവീദ് പുത്രാ, ഞങ്ങളോടു കരുണ തോന്നേണമേ!"[24] (വാ. 27). അവർ അവൻ താമസിച്ചിരുന്ന മുറിയോളം അവനെ പിന്തുടരുകയും ചെയ്തു (വാ. 28). അവസാനം, ക്രിസ്തു തിരിഞ്ഞ് അവരോടു ചോദിച്ചു, "'ഇതു ചെയ്‌വാൻ എനിക്കു കഴിയും എന്നു വിശ്വസിക്കുന്നുവോ?' അവർ അവനോടു, 'ഉവ്വു, കർത്താവേ.' പിന്നെ അവൻ അവരുടെ കണ്ണു[25] തൊട്ടു, പറയുന്നു, 'നിങ്ങളുടെ വിശ്വാസം പോലെ നിങ്ങൾക്കു ഭവിക്കട്ടെ.' ഉടനെ അവരുടെ കണ്ണു തുറന്നു" (മത്തായി 9:28–30). ഒരിക്കൽ കൂടെ, അതാരോടും പറയരുതെന്ന് യേശു അവരോടു പറഞ്ഞു (വാ. 30) – ഒരിക്കൽ കൂടെ ആ വർത്തമാനം എല്ലായിടത്തും പരന്നു (വാ. 31).

### ആത്മീയ കുരുടന്മാരുടെ അവിശ്വാസം (വാ. 32-34)

ക്രിസ്തു ആ വീട്ടിൽ നിന്ന് പുറത്തുവന്നപ്പോൾ, പുരുഷാരം ഉടനെ അവനുചുറ്റും കൂടി, അവൻ തന്റെ ഉപദേശ ശുശ്രൂഷയും സൗഖ്യമാക്കലും തുടർന്നു. ഒരു ഊമനായിരുന്ന,[26] ഭൂത–ബാധിതനായ മനുഷ്യനെ, അവന്റെ അടുക്കൽ കൊണ്ടുവന്നു (വാ. 32). യേശു ഭൂതത്തെ പുറത്താക്കിയപ്പോൾ, ആ മനുഷ്യൻ സംസാരിക്കുവാൻ തുടങ്ങി. "'യിസ്രായേലിൽ ഇങ്ങനെ ഒരു നാളും കണ്ടിട്ടില്ല,' എന്ന് പുരുഷാരം, അതിശയിച്ചു" (വാ. 33).

സാധാരണ പോലെ, കർത്താവിനെ വിമർശിക്കുന്നവരും അവിടെ ഉണ്ടായിരുന്നു. അവരുടെ ദൈവദൂഷണ ആരോപണം ആവർത്തിക്കപ്പെട്ടു: "ഇവൻ ഭൂതങ്ങളുടെ തലവനെക്കൊണ്ടു ഭൂതങ്ങളെ പുറത്താക്കുന്നു" (വാ. 34).[27] ദുരഭിമാനം അവരുടെ കാതുകളെ അടയ്ക്കുകയും അവരുടെ മനസ്സുകളെ കുരുടാക്കുകയും ചെയ്തിരുന്നു (മത്തായി 13:15 നോക്കുക). ക്രിസ്തു ചെയ്തതു എന്തായാലും, അവർ വിശ്വസിക്കുവാൻ കൂട്ടാക്കിയില്ല.

### "നസറേത്ത് പൗരന്മാരെ, നിങ്ങൾ വിശ്വസിക്കുന്നുവോ?" (മത്താ. 13:54-58; മർക്കൊ. 6:1-6; ലൂക്കൊ. 4:16-30)

യായീറൊസിന്റെ മകളെ യേശു സൗഖ്യമാക്കിയശേഷം (മർക്കൊസ് 5:37–43), അവൻ തന്റെ സ്വദേശമായ നസറേത്തിലേക്കു പോയി (മർക്കൊസ് 6:1). അത് ഒരുപക്ഷെ അവന്റെ മൂന്നു ഗലീലാ[28] സന്ദർശനത്തിലെ ആദ്യത്തെ വിരാമമായിരിക്കാം (മർക്കൊസ് 6:6; മത്തായി 9:35 നോക്കുക).

ലൂക്കൊസ് തന്റെ വിവരണത്തിൽ നസറേത്തിൽ ക്രിസ്തുവിനെ ത്യജിച്ചത് മുൻപ് വിവരിക്കുകയുണ്ടായി, അത് സ്പഷ്ടമായും നസറേത്ത് കേന്ദ്രമാക്കാതെ, എന്തുകൊണ്ടാണ് തന്റെ ഗലീലാ ശുശ്രൂഷയിൽ അവൻ കഫർന്നഹൂം കേന്ദ്രമാക്കിയത്, എന്നു വ്യക്തമാക്കുവാനായിരുന്നു (ലൂക്കൊസ് 4:16–31 നോക്കുക). യേശുവിനെ നസറേത്ത് രണ്ടുപ്രാവശ്യം ത്യജിച്ചിരുന്നുവെന്ന് പല എഴുത്തുകാർക്കും അതുകൊണ്ടു ബോധ്യമായി: തന്റെ ഗലീലാ ശുശ്രൂഷയുടെ ആരംഭത്തിലും ആ ശുശ്രൂഷയുടെ അവസാനത്തിലും. അതായിരിക്കാം[29] സംഭവിച്ചത്, എന്നാൽ എനിക്കു തോന്നുന്നത് ലൂക്കൊസിന്റെ വിവരണത്തിലെ കുറവ് നികത്തുകയാണ് മത്തായിയുടെയും മർക്കൊസിന്റെയും വിവരണങ്ങൾ എന്നാണ്: ഓരോന്നിലും, യേശു പള്ളിയിൽ പോയി ഉപദേശിപ്പാൻ തുടങ്ങി എന്നാണുള്ളത് (മത്തായി 13:54; മർക്കൊസ് 6:2; ലൂക്കൊസ് 4:16–21). ഓരോന്നിലും, ആളുകൾ ആദ്യം അവന്റെ വാക്കുകളിൽ വിസ്മയിച്ചു എന്നാണുള്ളത് (മത്തായി 13:54; മർക്കൊസ് 6:2; ലൂക്കൊസ് 4:22) പിന്നീടു അവർ ഇടറിയതിന്റെ കാരണം അവൻ (ശബ്ദാന്തരമാക്കിയാൽ) വെറുമൊരു "തദ്ദേശവാസിയായ കുട്ടി" ആയിരുന്നു (നോക്കുക മത്തായി 13:55–57; മർക്കൊസ് 6:3, 4; ലൂക്കൊസ് 4:22). ലൂക്കൊസ് നൽകാത്ത വിശദാംശങ്ങൾ മത്തായിയും മർക്കൊസും നൽകുന്നുണ്ട് എന്നതു വാസ്തവമാണ്, എന്നാൽ മത്തായിയും മർക്കൊസും നൽകാത്ത വിവരണം ലൂക്കൊസും നൽകുന്നുണ്ട്; എന്നാൽ ആ വിവരണങ്ങൾ വിപരീതമല്ല – അനുബന്ധം മാത്രമാണ്. എങ്ങനെയായാലും, ആ മൂന്നു വിവരണങ്ങളും ഒരുപോലെയുള്ളതായതുകൊണ്ട് അവ ഒരുമിച്ച് പഠിച്ചാൽ പ്രയോജനപ്പെടുന്നതുമാണ്. പിൻവരുന്ന പ്രസംഗത്തിൽ ആ സംഭവത്തെ മുഴുവനും നന്നായി അവതരിപ്പിക്കുന്നുണ്ട്, എന്നാൽ ഈ സമയത്ത് ചില കുറിപ്പുകൾ നൽകുന്നത് നന്നായിരിക്കുമെന്നു തോന്നി – പ്രത്യേകിച്ച് വിശ്വാസത്തിന്റെ പ്രാധാന്യമെന്ന നമ്മുടെ വിഷയത്തെ സംബന്ധിച്ച്.

#### സാധ്യമായ വിശ്വാസം (മത്താ. 13:54; മർക്കൊ. 6:1, 2; ലൂക്കൊ. 4:16-22)

താൻ വളർന്ന, നസറേത്തിലേക്ക് മടങ്ങിവന്ന യേശു, പള്ളിയിൽ ആരാധനക്കായി പോയി.[30] അതിൽ പങ്കെടുക്കുവാൻ അവന് അവസരം ലഭിച്ചപ്പോൾ, വരുവാനിരുന്ന മശിഹയെ കുറിച്ച് പ്രവചിക്കുന്ന വലിയ ഒരു പ്രസ്താവന, യെശയ്യാവു 61–ൽ നിന്ന് അവൻ വായിച്ചു. പിന്നെ അവൻ പറഞ്ഞു, "ഇന്നു നിങ്ങൾ എന്റെ വചനം കേൾക്കയിൽ ഈ തിരുവെഴുത്തിന്നു നിവൃത്തി വന്നിരിക്കുന്നു" (ലൂക്കൊസ് 4:21). മറ്റൊരു വാക്കിൽ പറഞ്ഞാൽ, പ്രവാചകൻ സംസാരിച്ചവൻ താൻ തന്നെ എന്നവൻ അവകാശപ്പെട്ടു.

**വിശ്വാസം ത്യജിക്കപ്പെട്ടു (മത്താ. 13:54-58; മർക്കൊ. 6:2-6; ലൂക്കൊ. 4:22-30)**

പ്രതികരണം സമ്മിശ്രമായിരുന്നു. അവന്റെ ശ്രോതാക്കൾ "തദ്ദേശവാസിയായ കുട്ടി" "അതു വലുതാക്കി" എന്നതിൽ ആശ്ചര്യപ്പെട്ടു. അതേ സമയം, അവന്റെ അവകാശങ്ങൾ അവരിൽ കോപമുണ്ടാക്കി. അവരുടെ മനസ്സുകളിൽ കൂടി കടന്നുപോയിരിക്കാവുന്ന ചിന്തകൾ ഊഹിക്കുന്നതിന് പ്രയാസമില്ല: "അവൻ കുട്ടി ആയിരുന്നപ്പോൾ, എന്റെ കുട്ടികളുമായി അവൻ കളിച്ചിരുന്നു! അവനിപ്പോൾ ആരാണെന്നാണ് അവന്റെ വിചാരം?" എൻഎ എസ്ബി പറയുന്നതു "അവർ അവനിൽ ഇടറിപ്പോയി" (മത്തായി 13:57) എന്നാണ്. ന്യൂ സെഞ്ചറി വേർഷൻ[31] പറയുന്നു "യേശു നിമിത്തം ആളുകൾ അങ്കലാപ്പിലായി."

കഫർന്നഹൂമിൽവെച്ച് അവൻ ചെയ്ത വിസ്മയകരമായ കാര്യങ്ങളെ കുറിച്ചു ആളുകൾ അറിഞ്ഞിരുന്നു, അത് പതിനാറു മൈലുകൾ അകലെ ആയിരുന്നു, അവൻ തങ്ങൾക്കുവേണ്ടി ഒരു അത്ഭുതം ചെയ്യുവാൻ അവർ ആഗ്രഹിച്ചു (ലൂക്കൊസ് 4:23 നോക്കുക). പരീശന്മാർ ആഗ്രഹിച്ചതു പോലെ അവർ അപ്പോൾ "ഒരു അടയാളം," ആഗ്രഹിച്ചു (മത്തായി 12:38–42 നോക്കുക). അവരുടെ ആ ആഗ്രഹം വിശ്വാസ സൂചന ആയിരുന്നില്ല, എന്നാൽ അവിശ്വാസം കൊണ്ടുള്ളതായിരുന്നു. ക്രിസ്തു നസറേത്തിൽ വെച്ച് ചില അത്ഭുതങ്ങൾ ചെയ്തിരുന്നു – "ഏതാനും ചില രോഗികളുടെ മേൽ കൈ വെച്ചു സൌഖ്യം വരുത്തി" (മർക്കൊസ് 6:5)[32] – എന്നാൽ "അവരുടെ അവിശ്വാസം നിമിത്തം അവിടെ വളരെ വീര്യപ്രവൃത്തികളെ ചെയ്തില്ല" (മത്തായി 13:58).

അവന്റെ ജീവിതമെടുക്കുവാൻ ആളുകൾ പുരുഷാരത്തോടൊപ്പം തുനിഞ്ഞപ്പോൾ, യേശു ദുഃഖത്തോടെ ഒരു പ്രവാചകൻ തന്റെ പിതൃനഗരത്തിലും സ്വന്തഭവനത്തിലും അല്ലാതെ ബഹുമാനമില്ലാത്തവൻ അല്ല എന്നു പറഞ്ഞു (മത്തായി 13:57; മർക്കൊസ് 6:4; നോക്കുക യോഹന്നാൻ 4:44). യേശുവിന് ആ ആളുകളെ അറിയാമായിരുന്നു. അവൻ വളർന്നത് അവരിൽ പലരോടു കൂടെ ആയിരുന്നു, അവരോടുകൂടെ അവൻ ജീവിതം നയിച്ചിട്ടുണ്ട്, ജോലി ചെയ്തിട്ടുണ്ട്, അവരെ സഹായിച്ചിട്ടുമുണ്ട്. അവൻ അവരെ സ്നേഹിച്ചു. അവർ അവനെ വിശ്വസിക്കുവാൻ മടിച്ചപ്പോൾ അവന്റെ ഹൃദയത്തിൽ വേദന ഉണ്ടായിക്കാണും. എൻഎഎസ്ബി പറയുന്നു "അവരുടെ അവിശ്വാസം ഹേതുവായി അവൻ ആശ്ചര്യപ്പെട്ടു" (മർക്കൊസ് 6:6). ഒരു ശബ്ദാന്തരപ്രയോഗം പറയുന്നു, "അവർ അവനിൽ വിശ്വസിക്കാതിരുന്ന വസ്തുത അവന് സ്വീകരിപ്പാൻ പ്രയാസമായി" (ലിവിങ് ബൈബിൾ).

**ഉപസംഹാരം**

ഒരു വശത്ത്, നാം യായീറൊസിന്റെയും, രോഗിയായ സ്ത്രീയുടെയും, കുരുടന്മാരായിരുന്ന രണ്ടു പുരുഷന്മാരുടെയും വിശ്വാസത്തെ കണ്ടു. മറു വശത്ത്, യായീറൊസിന്റെ വീട്ടിലെ വിലപിക്കുന്നവരുടെയും, പരീശന്മാരുടെയും, നസറേത്തിലെ പൌരന്മാരുടെയും അവിശ്വാസത്തെ നാം കണ്ടു. ജീവിതത്തിൽ ഇതിനേക്കാൾ കൂടുതൽ പ്രാധാന്യമുള്ള ചോദ്യം മറ്റൊന്നില്ല: നാം വാസ്തവത്തിൽ യേശുവിൽ വിശ്വസിക്കുന്നുണ്ടോ? വിശ്വാസം ഉണ്ടാവാതെ, നമ്മുടെ ജീവിതത്തെ അനുഗ്രഹിക്കുവാൻ കർത്താവിനു കഴിയുകയില്ല

(മർക്കൊസ് 6:5 നോക്കുക). നാം ക്രിസ്തുവിനെക്കുറിച്ചുള്ള പഠനം തുടരുമ്പോൾ, നിങ്ങൾക്ക് അവനിലുള്ള വിശ്വാസം വർദ്ധിക്കുമെന്നാണ് എന്റെ പ്രാർത്ഥന (യോഹന്നാൻ 20:30, 31; റോമർ 10:17).

**പ്രസംഗക്കുറിപ്പുകൾ**

സാധാരണപോലെ, നമ്മുടെ പാഠത്തിലെ ഓരോ ഭാഗത്തും ഒരു പ്രസംഗത്തിനു ആവശ്യമായ കാര്യങ്ങളേക്കാൾ കൂടുതൽ ഉൾപ്പെടുന്നു. ഞാൻ യായീറൊസിന്റെ മകളെ ഉയർപ്പിച്ച സംഭവത്തിലും "പ്രാസംഗികമായ അത്ഭുതത്തിലും" ഒതുങ്ങി നിന്നു എന്ന് ഒരുപക്ഷെ നിങ്ങൾ പറഞ്ഞേക്കാം. ആ സംഭവങ്ങളെക്കുറിച്ച് ഞാൻ പ്രസംഗിക്കുകയാണെങ്കിൽ, ആ പ്രസംഗത്തെ ഞാൻ ഒരുപക്ഷെ "ഇനി ഒരിക്കലും ഭയപ്പെടേണ്ട" എന്നു വിളിക്കും. യായീറൊസ് തന്റെ മകൾക്കുവേണ്ടി ചെയ്യാവുന്നതിന്റെ പരമാവധി ചെയ്തിട്ടും അവൾ മരിച്ചുപോയി എന്ന വാർത്ത കേട്ടപ്പോൾ, അവനുണ്ടായ നിരാശയും ദുഃഖവും ഞാൻ ഊന്നിപ്പറയും. ആ സമയത്ത്, യേശു പറഞ്ഞു, "ഭയപ്പെടേണ്ട, വിശ്വസിക്ക മാത്രം ചെയ്ക" (മർക്കൊസ് 5:36; ലൂക്കൊസ് 8:50). നമുക്ക് ചെയ്യുവാൻ കഴിയുന്നതെല്ലാം ചെയ്തു കഴിയുമ്പോൾ, നമുക്കു സഹായങ്ങൾ ലഭിക്കാതെ വരുമ്പോൾ, പ്രാർത്ഥനക്ക് മറുപടി കിട്ടുകയില്ലെന്നു തോന്നുമ്പോൾ, അപ്പോഴാണ് നമുക്ക് വിശ്വാസം ഏറ്റവും ആവശ്യമായി വരുന്നത്. എന്റെ അപേക്ഷ "വിശ്വസിക്ക മാത്രം" എന്നതിനെ ആശ്രയിച്ചുള്ളതായി തോന്നാം: "നിങ്ങളെ സ്നേഹിക്കുന്ന ദൈവത്തിൽ മാത്രം വിശ്വസിക്കുക"; "സകലവും നന്മക്കായി കൂടി പ്രവർത്തിക്കുവാൻ കഴിവുള്ള ദൈവത്തിൽ മാത്രം വിശ്വസിക്കുക"; അങ്ങനെ പോകും അത്.

യേശു സുഖപ്പെടുത്തിയ രണ്ടു കുരുടന്മാരുടെ ചെറിയ സംഭവം ഒരു പ്രസംഗത്തിനു വേണ്ട അടിസ്ഥാനം നല്കുന്നതിനായി ഉപയോഗിക്കാം – എന്നാൽ യേശു കുരുടനെ സൗഖ്യമാക്കുന്നതിന്റെ കൂടുതൽ നാടകീയ വിവരണം നാം പിന്നീട് പഠിക്കും: അതിൽ ബർത്തിമായിയും കൂട്ടരും ഉൾപ്പെടുന്നു (മത്തായി 20:29–34; മർക്കൊസ് 10:46–52; ലൂക്കൊസ് 18:35–43).

യേശുവിനെ നസറേത്തിൽ ത്യജിച്ചതിനെക്കുറിച്ചുള്ള ഒരു പ്രസംഗം ഈ പാഠത്തിനുശേഷം വരുന്നുണ്ട്. ആ സംഭവത്തെ ആസ്പദമാക്കി തയ്യാറാക്കിയ പ്രസംഗത്തിന് ജോ ബാർനെറ്റ് "നോ മോർ 'ഹോ–ഹം' സൺഡേസ്"[33] എന്ന പേരു നൽകിയിട്ടുണ്ട്.

---

കുറിപ്പുകൾ

[1]ഒരേ ഗ്രീക്ക് വാക്ക് ചിലപ്പോൾ "ബിലീഫ്" എന്നും മറ്റു ചിലപ്പോൾ "ഫെയ്ത്ത്" എന്നും തർജ്ജിമ ചെയ്തിട്ടുണ്ട്. [2]ഇതിന്റെ കൂടുതൽ വിവരണത്തിന്, *ക്രിസ്തുവിന്റെ ജീവിതം, 3*-ലെ "അവർ എല്ലാവരും ആശ്ചര്യപ്പെട്ട്, ദൈവത്തെ മഹത്വപ്പെടുത്തി," എന്ന പാഠം നോക്കുക. [3]"പള്ളിപ്രമാണിമാർ" എന്നത് തർജ്ജിമ ചെയ്തിരിക്കുന്നത് "പള്ളിയുടെ (മേൽ) ആധിപത്യമുള്ളവർ" എന്ന് അക്ഷരികമായി അർത്ഥമുള്ള ഒരു സംയുക്ത ഗ്രീക്ക് വാക്കിൽ നിന്നാണ്. [4]സുവിശേഷവിവരണങ്ങളിലെ "മൂപ്പൻ" എന്ന വാക്കിനു ചിലപ്പോൾ "മുൻ ഗാമി" എന്ന അർത്ഥമുണ്ട് (മത്തായി 15:2), പക്ഷെ സാധാരണ അത് അർത്ഥമാക്കുന്നത് അപ്പോൾ ജീവിച്ചിരിക്കുന്ന യെഹൂദ അദ്ധ്യക്ഷനെയാണ്. യെഹൂദ

ന്മാരുടെ അധികാരശ്രേണിയിൽ, പള്ളിമൂപ്പന്മാർക്ക് ശാസ്ത്രിമാരുടെ താഴെയാണ് സ്ഥാനം. “മൂപ്പൻ” എന്ന വാക്ക് പൊതുവിൽ മതാദ്ധ്യക്ഷന്മാരെ സൂചിപ്പിച്ചും ഉപയോഗിച്ചിട്ടുണ്ട്. യേശുവിനെ തള്ളിക്കളഞ്ഞവർ പലപ്പോഴും “മൂപ്പന്മാരും പുരോഹിതന്മാരും ശാസ്ത്രിമാരും” ആയിരുന്നു എന്നു പറഞ്ഞിരിക്കുന്നു (മത്തായി 16:21; 21:23 നോക്കുക). ന്യായാധിപസഭയെ ചിലപ്പോൾ “മൂപ്പന്മാരുടെ ആലോചനാസഭ” എന്നു വിളിച്ചിട്ടുണ്ട് (ലൂക്കൊസ് 22:66). [5]പള്ളിയിലെ ഒരു കീഴുദ്യോഗസ്ഥനെ “ശുശ്രൂഷക്കാരൻ” എന്നാണ് വിളിച്ചിരുന്നത് (ലൂക്കൊസ് 4:20 പിന്നീട് ഈ പാഠത്തിൽ വരുന്നതു നോക്കുക). [6]മത്തായിയുടെ വിവരണത്തിൽ, യായീറൊസ് പറഞ്ഞത് തന്റെ മകൾ “ഇപ്പോൾ തന്നെ കഴിഞ്ഞുപോയി” എന്നാണ് (മത്തായി 9:18). അത് ദുഃഖത്തോടെ ഒരു പിതാവ് ഇങ്ങനെ പറയുന്നതുപോലെയാണ്, “ഞാൻ വന്നപ്പോൾ തന്നെ അവൾ മരണത്തിന്റെ വക്കിലായിരുന്നു, ഇപ്പോൾ മരിച്ചു കാണും. അതുകൊണ്ടു നമുക്ക് പെട്ടെന്നു പോകണം!” “അവൾ മരിച്ചുകൊണ്ടിരിക്കുന്നു” എന്നാണ് ഡോ. ലൂക്കൊസ് പറഞ്ഞത് (ലൂക്കൊസ് 8:42). [7]യേശു ഒരുപക്ഷെ കഫർന്നഹൂമിലേക്ക് മടങ്ങി വന്നിരിക്കാം. ഈ പുസ്തകത്തിൽ മുൻപ് വന്ന “ഇവൻ ആർ” എന്ന പാഠം നോക്കുക. [8]ജെ. ഡബ്ളിയു. മെക്ഗാർവേയും ഫിലിപ്പ് വൈ. പെൻലിറ്റണും, *ദ ഫോർ ഫോൾഡ് ഗോസ്പെൽ ഓർ എ ഹാർമണി ഓഫ് ദ ഫോർ ഗോസ്പെൽസ്* (സിൻസിനാറ്റി: സ്റ്റാന്റേർഡ് പബ്ളിഷിങ്ങ് കമ്പനി., 1914), 352. [9]“അശുദ്ധം” എന്നു പ്രഖ്യാപിക്കുന്നതിന് ഒരു പ്രായോഗികവശമുണ്ടായിരുന്നു: ചിലപ്പോൾ “അശുദ്ധം” ആചാരപരമായി ഒരാളിൽ നിന്നു മറ്റൊരാളിലേക്കു പകരുന്ന രോഗമായിരുന്നു. എന്താണു “ശുദ്ധം” എന്താണ് “അശുദ്ധം” എന്നതിനെ സംബന്ധിച്ചുള്ള നിയമങ്ങൾ രോഗം തടയുന്നതിനു സഹായകമായിരുന്നു. [10]“ജീവനുള്ളവയുടെ പ്രവർത്തനങ്ങൾ, ഉത്തരവാദിത്വങ്ങൾ, അവയുടെ ഘടനകൾ എന്നിവയെ കുറിച്ചുള്ള ജീവശാസ്ത്രത്തെയാണ്” ശരീരശാസ്ത്രം എന്നു പറയുന്നത് (*അമേരിക്കൻ ഹെറിറ്റേജ് ഡിക്ഷ്ണറി*, 4–ാം എഡി. [2001], എസ്. വി. “ഫിസിയോളജി”). ഒന്നാം നൂറ്റാണ്ടിൽ, ശരീരശാസ്ത്രത്തെ സംബന്ധിച്ച അറിവ് വികസിച്ചിട്ടില്ലായിരുന്നു.

[11]“ഫ്രിഞ്ച്” എന്നത് ഒരു പക്ഷെ ന്യായപ്രമാണം ആളുകളെ ഓർമ്മിപ്പിക്കുവാനുള്ള തൊങ്ങൽ ആയിരുന്നേക്കാം (ആവർത്തനപുസ്തകം 22:12). കെജെവി യിൽ “ദ ഹെം ഓഫ് ഹിസ് ഗാർമെന്റ്” എന്നാണ്, അത് പിന്നെ നാടൻ പ്രയോഗമായി മാറി: “റ്റു ടച്ച് ദ ഹെം ഓഫ് ദ ഗാർമെന്റ്” എന്നത് സൂചിപ്പിക്കുന്നത് ഒരു വ്യക്തി ഏതെങ്കിലും വിഷയത്തെ കുറിച്ചു വിവരിക്കുവാൻ തുടങ്ങുന്നതിനെയോ എന്തെങ്കിലും ഉന്നം നേടുവാൻ പുറപ്പെടുന്നതിനെയോ ആണ്. [12]സമയാസമയങ്ങളിൽ അവന് എന്തുകൊണ്ട് ഇടവേള ആവശ്യമായി എന്നും, പ്രാർത്ഥന അവനു പ്രാധാന്യമുള്ളതാകുവാൻ കാരണമെന്ത് എന്ന് വിശദമാക്കുവാൻ ഇതു സഹായിച്ചേക്കാം. [13]ഇതിന്റെ ഒരു ഉദാഹരണമാണ് യോഹന്നാൻ 6:5, 6. [14]അവൾ വിറെക്കുവാനുള്ള കാരണം അവൾ ആരെയെങ്കിലും തൊട്ടാൽ അവരും “അശുദ്ധർ” ആകും എന്ന ബോധം കൊണ്ടാകാം (ലേവ്യാപുസ്തകം 15:19). റബ്ബിമാർ അവളെ ശാസിക്കുമായിരുന്നു. പക്ഷെ യേശു അതു ചെയ്തില്ല. [15]“സൗഖ്യമാക” എന്ന പ്രയോഗം ആ പെൺകുട്ടി രോഗിയായി ‘‘മാത്രം’’ ഇരുക്കുന്നുവെങ്കിൽ പ്രതീക്ഷിക്കാവുന്നതാണ്. രോഗികളെ സൗഖ്യമാക്കുന്ന അത്ഭുതം പോലെയുള്ള ഒന്നായിരുന്നു മരിച്ചവരെ ഉയിർപ്പിക്കുന്ന അത്ഭുതവും എന്നു ഞാൻ ഒരിക്കൽ കൂടെ ഊന്നിപ്പറയട്ടെ. ഇന്ന് അത്ഭുത രോഗശാന്തി അവകാശപ്പെടുന്നവർക്ക് അതേ രീതിയിൽ മരിച്ചവരെയും ഉയിർപ്പിക്കുവാൻ കഴിയണം. [16]ദരിദ്രരായവർക്കു പോലും ചുരുങ്ങിയത് ഒരു സ്ത്രീയെങ്കിലും കരയുവാൻ ഉണ്ടാകും. [17]“ഉറങ്ങുക” എന്ന പ്രയോഗം സാധാരണ മരണത്തിന് പകരം ഉപയോഗിച്ചിരുന്നതാണ് (യോഹന്നാൻ 11:11–14 നോക്കുക). “സെമിറ്ററി” എന്ന വാക്കിന്റെ അക്ഷരിക അർത്ഥം “ഉറങ്ങുന്ന സ്ഥലം” എന്നാണ്. [18]ചിരിക്കുന്നവർ

പരിഹസിക്കുന്നവരും കളിയാക്കുന്നവരുമായിരുന്നു. ശമ്പളത്തിന് കരയുവാൻ വന്നവർ യേശുവിന്റെ പ്രസ്താവനയോട് പ്രതികരിക്കുവാൻ കാരണം ഒരുപക്ഷെ അവർക്ക് കൂലി കിട്ടിയില്ലെങ്കിലോ എന്ന ഭയം കൊണ്ടായിരിക്കാം. [19]മറ്റു രണ്ടു സന്ദർഭങ്ങൾ മറുരൂപ മലയിലേതും ഗദ്ശമന തോട്ടത്തിലേതുമായിരുന്നു (മത്തായി 17:1; മർക്കൊസ് 14:33). എന്തുകൊണ്ടായിരുന്നു ആ മൂന്നുപേരോടും യേശുവിന് പ്രത്യേക അടുപ്പമുണ്ടായിരുന്നത് എന്ന്, നമുക്കറിയില്ല. ഒരുപക്ഷെ അവരുടെ പിന്നീടുള്ള പ്രവർത്തികൾ കൊണ്ടായിരിക്കാം: പ്രാരംഭ സഭയിലെ അദ്ധ്യക്ഷനായിരുന്നു പത്രൊസ്; യാക്കൊബ് ആദ്യ രക്തസാക്ഷി ആയിരുന്നു; നമുക്കറിയാവുന്നിടത്തോളം, മറ്റ് അപ്പൊസ്തലന്മാരെക്കാൾ കൂടുതൽ കാലം പ്രവർത്തനം നടത്തിയ അപ്പൊസ്തലനായിരുന്നു യോഹന്നാൻ. ആ മൂന്നുപേരും, തീർച്ചയായും, അവനിൽ ആദ്യം വിശ്വസിച്ചവരുടെ കൂട്ടത്തിൽ ഉൾപ്പെട്ടിരുന്നു. [20]ആ വാചകം മെക്ഗാർവെ ആന്റ് പെൻലെറ്റൺ, 356–ൽ നിന്ന് എടുത്തതാണ്.

[21]ഇത് യേശു മരിച്ചവരിൽ നിന്ന് ഉയർപ്പിച്ച രേഖപ്പെടുത്തിയ സംഭവങ്ങളിൽ രണ്ടാമത്തേതാണ്. ഒന്നാമത്തേത് നയീനിലെ വിധവയുടെ മകനെ ആയിരുന്നു (ലൂക്കൊസ് 7). മൂന്നാമത്തേത് ലാസറിനെയാണ് (യോഹന്നാൻ 11). [22]പെൺകുട്ടികളെ അറിയാവുന്നതു കൊണ്ട്, ഞാൻ ഊഹിക്കുന്നത് അവൾ അല്പം ധൃതിപിടിച്ച് ചാടി എഴുന്നേറ്റിരിക്കും എന്നാണ്. [23]ആ പെൺകുട്ടി രോഗിയായി തീർന്നപ്പോൾ ഒരു പക്ഷെ അവളുടെ വിശപ്പ് കെട്ടുപോയിരിക്കും, കുറേ നേരമായി ആഹാരം കഴിച്ചു കാണുകയുമില്ല. നമുക്കു സ്വയമായി ചെയ്യുവാൻ കഴിയുന്നത് ദൈവം നമുക്കുവേണ്ടി ചെയ്യുകയില്ല എന്ന വസ്തുതയാണ് ഈ ചിത്രീകരണം നൽകുന്ന സൂചന. [24]യെഹൂദന്മാർ 2 ശമുവേൽ 7:12–ന്റെ അടിസ്ഥാനത്തിൽ, ഉപയോഗിച്ച മശിഹയുടെ പേരായിരുന്നു "ദാവീദ് പുത്രൻ." [25]താൻ സൗഖ്യമാക്കിയവരെ ചിലപ്പോൾ യേശു സ്പർശിച്ചിട്ടുണ്ട് മറ്റു ചിലപ്പോൾ സ്പർശിച്ചില്ല. ശക്തി ഉൾക്കൊണ്ടിരുന്നത് രീതികളിൽ ആയിരുന്നില്ല, എന്നാൽ അവന്റെ വ്യക്തിത്വത്തിൽ ആയിരുന്നു. [26]ആ മനുഷ്യന് ശാരീരികമായ ന്യൂനത ഉണ്ടായിരുന്നിരിക്കാം (കേൾവി കുറവു നിമിത്തം, സംസാരിക്കുവാൻ കഴിഞ്ഞില്ല) അതിനുപുറമെ ഭൂതബാധയും ഉണ്ടായിരുന്നു, എന്നാൽ അവന്റെ മൂകതയ്ക്കു കാരണം ഒരുപക്ഷെ ഭൂത–ബാധ ആകാം (മർക്കൊസ് 9:17 നോക്കുക). [27]ആ ആരോപണത്തിനുള്ള യേശുവിന്റെ ഉത്തരത്തിന്, *ക്രിസ്തുവിന്റെ ജീവിതം, 4* എന്ന പുസ്തകത്തിലെ "തിരക്കുള്ള ഒരു ദിവസം," എന്ന പാഠം നോക്കുക. [28]മൂന്നാമത്തെ അവന്റെ സന്ദർശനം നാം അടുത്ത പാഠത്തിൽ പഠിക്കും. [29]യേശു നസറേത്തിലേക്ക് മടങ്ങിവന്ന് അവർക്ക് വീണ്ടും ഒരവസരം കൊടുക്കുന്നത് തീർച്ചയായും അവന്റെ മനസ്സലിവുള്ള സ്വഭാവത്തിന് അനുയോജ്യമാണെന്നു കാണിക്കുന്നു. [30]ആ സമയം വരെയുള്ള പള്ളിയിലെ ആരാധനാശുശ്രൂഷകളെ പൂർണ്ണമായി എടുത്തുകാണിക്കുന്നതാണ് ലൂക്കൊസിന്റെ വിവരണം. പള്ളി ആരാധനയെ കുറിച്ച് നമുക്ക് കൂടുതൽ അറിയുവാൻ കഴിയുന്നത് അനേക വർഷങ്ങൾക്കു ശേഷം എഴുതപ്പെട്ട ദൈവശ്വാസീയമല്ലാത്ത ഉറവിടങ്ങളിൽ നിന്നാണ്.

[31]*ദ ആൻസർ* (ഡള്ളാസ്: വേഡ് ബൈബിൾസ്, 1993), 980. [32]മർക്കൊസിന്റെ വിവരണം പറയുന്നത് യേശു "ഏതാനും ചില രോഗികളുടെ മേൽ കൈ വെച്ചു സൌഖ്യം വരുത്തിയതല്ലാതെ മറ്റത്ഭുതങ്ങൾ ഒന്നും ചെ*യ്തില്ല*" എന്നാണ് (മർക്കൊസ് 6:5; എംഫസിസ് മൈൻ). ഏതെങ്കിലും സമയത്ത് ദൈവത്തിന് (അല്ലെങ്കിൽ യേശു) ഏതെങ്കിലും ഒരു കാര്യം ചെയ്യുവാൻ സാധിക്കില്ല എന്നു ബൈബിൾ പറയുമ്പോൾ, അതിനർത്ഥം "അത് ചെയ്യുന്നത് അവന്റെ ഇഷ്ടവും ഉദ്ദേശവു*മായി യോജിക്കുന്നത്* അല്ല" എന്നാണെന്നു നാം മനസ്സിലാക്കണം. [33]ജോ ബാർനെറ്റ്, *ലിവ്! വിത്ത് പീസ്, പവർ, ആന്റ് പർപസ്,* 20–ാം സെഞ്ചറി സെർമൺസ് സീരീസ്, വാല്യം. 11 (അബിലീൻ, ടെക്സസ്: ബിബിളിക്കൽ റിസേർച്ച് പ്രെസ്, 1978), 118–25.